1. സ്കൂളുകളിൽ കമ്പ്യൂട്ടർ അനുബന്ധ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുക.

2. ഫലപ്രദമായ അധ്യാപക പരിശീലനം നൽകുക എന്നിവയാണ്.

ഐ.സി.ടി. സ്കീമിൽ ഉൾപ്പെട്ട എല്ലാ സ്കൂളുകൾക്കും കമ്പ്യൂട്ടർ അനുബന്ധ ഭൗതിക സാഹചര്യങ്ങൾ ഒരുക്കിവരികയാണ്. എല്ലാ സ്കൂളുകളിലും സ്കൂളിന്റെ ആവശ്യത്തിനനുസരിച്ച് കമ്പ്യൂട്ടർ, ലാപ്ടോപ്പ്, നെറ്റ്ബുക്ക്, പ്രിന്റർ, സ്കാനർ, ജനറേറ്റർ, ഡിജിറ്റൽ ക്യാമറ, മൾട്ടി പർപ്പസ് പ്രിന്റർ തുടങ്ങിയവ നൽകിവരുന്നു. എല്ലാ ഹൈസ്കൂൾ അദ്ധ്യാപകർക്കും അടിസ്ഥാന ഐ.ടി. പരിശീലനം, വിഷയബന്ധിതമായ ഐ.ടി. പരിശീലനം എന്നിവ നൽകിക്കഴിഞ്ഞു. യു.പി. വിഭാഗം അധ്യാപകർക്കും ഐ.ടി. പരിശീലനം നൽകിവരികയാണ്.

(ബി) സ്കൂളുകളിലെ കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി കമ്പ്യൂട്ടറുകളും ലാപ്ടോപ്പുകളും നൽകിവരുന്നു. കൂടുതൽ കുട്ടികളുള്ള സ്കൂളുകളിൽ ഒന്നിൽ കൂടുതൽ കമ്പ്യൂട്ടർ ലാബുകൾ സജ്ജീകരിക്കുന്നുണ്ട്. കമ്പ്യൂട്ടർ ലാബുകളിൽ ഇന്റർനെറ്റ് സൗകര്യം ലഭിക്കുന്നതിന് ബ്രോഡ്ബാൻഡ് സൗകര്യം ഒരുക്കിയിട്ടുണ്ട്. ലാബുകൾ വൈദ്യുതീകരിക്കുന്നതിനും ലാബിലെ കമ്പ്യൂട്ടറുകൾ നെറ്റ്വർക്ക് ചെയ്യുന്നതിനും ആവശ്യമുള്ള സ്കൂളുകൾക്ക് സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. ഐ.സി.ടി. പദ്ധതി പ്രകാരം ഈ വർഷം 54.28 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുക മുഴുവനും ചെലവഴിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) സംസ്ഥാനത്തെ അഞ്ച് സ്കൂളുകളെ സ്മാർട്ട് സ്കൂൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്കൂളുകളിൽ ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിനായി ഒരു വർഷം ഏകദേശം 25 ലക്ഷം രൂപയുടെ സാമ്പത്തിക സഹായമാണ് പ്രസ്തുത സ്കൂളുകൾക്ക് നൽകുന്നത്.

(ഡി) ഐ.ടി. അധിഷ്ഠിത പഠന സമ്പ്രദായം നടപ്പാക്കുന്നതിനായി കമ്പ്യൂട്ടർ അനുബന്ധ ഭൗതിക സാഹചര്യങ്ങൾ നൽകിയിട്ടുണ്ട്. അധ്യാപകർക്ക് വിഷയബന്ധിതമായ പരിശീലനം നൽകിയിട്ടുണ്ട്. കമ്പ്യൂട്ടർ സഹായത്തോടെയുള്ള വിഷയബന്ധിതമായ ഫലപ്രദമായ അധ്യാപനം സാധ്യമാക്കുന്നതിനായി സ്കൂളുകൾക്ക് ലാപ്ടോപ്പ്, പ്രോജക്ടർ, റിസോഴ്സ് സി.ഡി.കൾ എന്നിവയും നൽകിയിട്ടുണ്ട്.

**കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ പ്രവർത്തനം വിപുലമാക്കുന്നതിനുള്ള നടപടി**

**8 (2009)** ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ പ്രവർത്തനം വിപുലമാക്കുന്നതിന് നിയമിച്ച അച്ചുതൻ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്ഥാപനത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

പുനഃക്രമീകരണത്തിനുവേണ്ടി സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ സ്പെഷ്യൽ ഓഫീസറുടെ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ ;

(സി) ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഈ സർക്കാരിന്റെ കാലത്ത് ഈ റിപ്പോർട്ട് പ്രകാരമുള്ള ക്രമീകരണങ്ങൾ നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി&ഡി) സ്പെഷ്യൽ ഓഫീസറുടെ റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു.

**രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (ആർ.എം.എസ്.എ.) പദ്ധതി പ്രകാരമുള്ള ധനസഹായത്തിന്റെ വിനിയോഗം**

**9 (2010)** ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (ആർ.എം.എസ്.എ.) പദ്ധതി പ്രകാരം സംസ്ഥാനത്തിന് ലഭിച്ചതും ലഭിക്കാനിടയുള്ളതുമായ ധനസഹായം സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ ;

(ബി) ഈ തുക ചെലവഴിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും, ഏത് ഏജൻസിവഴിയാണ് പദ്ധതി നടപ്പാക്കുന്നതെന്നും വിശദമാക്കുമോ ;

(സി) ഈ തുക ഉപയോഗിച്ച് എയിഡഡ് മേഖലയിൽ എന്തൊക്കെ പരിഷ്ക്കരണ നടപടികളാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) അവികസിതമായ മലബാർ മേഖലയ്ക്കും പിന്നോക്കം നിൽക്കുന്ന ജില്ലകൾക്കും പദ്ധതിയിൽ മുൻഗണന നൽകുമോ ; വിശദമാക്കുമോ ?

ഉത്തരം

(എ) ആർ.എം.എസ്.എ. പദ്ധതി പ്രകാരം 2009-10 സാമ്പത്തിക വർഷത്തിൽ 47.78 കോടി രൂപയ്ക്കുള്ള അംഗീകാരമാണ് കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചത്. ഇതിൽ 18.22 കോടി രൂപ കേന്ദ്ര വിഹിതമായും 6.07

LIBRARY ARCHIVES Kerala Legislative Assembly